# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026-മാണ്ട് ജൂൺ മാസം 12 -)o തീയതി

## CMP 1/2026 IN MC 42/2026

ഹർജിക്കാർ :

1. വിനീത.വി, 26 വയസ്സ്, W/o. ജിനു.ബി,
   വളപ്പിൽ വീട് , പുന്നപ്ര, പുന്നപ്ര വില്ലേജ് ,
   ആലപ്പുഴ - 688 004

2. ദക്ഷ (മൈനർ), 6 വയസ്സ്, D/o. ജിനു.ബി,
   വളപ്പിൽ വീട് , പുന്നപ്ര, പുന്നപ്ര വില്ലേജ് ,
   ആലപ്പുഴ - 688 004

(മൈനറായ രണ്ടാം ഹർജിക്കാരിയെ പ്രതിനിധീകരിച്ച്
മാതാവായ ഒന്നാം ഹർജിക്കാരി)

(പ്രതിനിധീകരിക്കുന്നത് അഡ്വ. കെ ശ്രീകുമാർ)

എതൃകക്ഷികൾ :

1. ജിനു.ബി, 28 വയസ്സ്, S/o. ബിജു,
   ഉള്ളാടൻ പറമ്പ്, എ.എൻ.പുരം,
   തിരുവമ്പാടി ജംഗ്ഷൻ പി.ഒ,
   തിരുവമ്പാടി വില്ലേജ്,
   ആലപ്പുഴ - 688 002

2. ബിജു, 55 വയസ്സ്,
   ഉള്ളാടൻ പറമ്പ്, എ.എൻ.പുരം,
   തിരുവമ്പാടി ജംഗ്ഷൻ പി.ഒ,
   തിരുവമ്പാടി വില്ലേജ്,
   ആലപ്പുഴ - 688 002

3. സിനി, 48 വയസ്സ്, W/o. ബിജു,
   ഉള്ളാടൻ പറമ്പ്, എ.എൻ.പുരം,
   തിരുവമ്പാടി ജംഗ്ഷൻ പി.ഒ,
   തിരുവമ്പാടി വില്ലേജ്,
   ആലപ്പുഴ - 688 002

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ ഈ കോടതി 12.06.2026 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെടുവിക്കുന്ന

# ഉത്തരവ്

1. ഹർജിക്കാർ ഹാജർ ഇല്ല. പ്രതിനിധീകരിച്ചു. ഹർജി ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജി ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്യ്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോധ്യം വന്നിരിക്കുന്നു. എതിർകക്ഷികൾക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ പരാജയപ്പെടുത്തും എന്നതിൽ എതിർകക്ഷികൾക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.
2. ഒന്നാം ഹർജിക്കാരി ഇപ്പോൾ താമസിച്ചു വരുന്ന "വളപ്പിൽ വീട് , പുന്നപ്ര, പുന്നപ്ര വില്ലേജ്, ആലപ്പുഴ" വീട്ടിൽ സ്വൈര്യവും സമാധാനവുമായി കുട്ടികളോടൊത്ത് താമസിക്കുന്നതിൽ നിന്നും ശാരീരികമായോ മാനസികമായോ യാതൊരുവിധ ഗാർഹിക പീഡന കൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും എതിർകക്ഷികളെ വിലക്കി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 18(a) വകുപ്പ് പ്രകാരം ഉത്തരവായിരിക്കുന്നു.
3. ടി ഉത്തരവ് പുന്നപ്ര സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 ജൂൺ മാസം 12 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**